**മധുരമായ കുട്ടികളെ - നിങ്ങൾക്കിപ്പോൾ ഭാവിയിലെ 21 ജന്മത്തേക്ക് ഇവിടെ തന്നെ പഠിപ്പ് പഠിക്കണം, മുള്ളിൽ നിന്ന് സുഗന്ധമുള്ള പുഷ്പമാകണം, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം ചെയ്യിപ്പിക്കണം**

**ചോദ്യം:-** ഏത് കുട്ടികളുടെ ബുദ്ധിയുടെ പൂട്ടാണ് നമ്പർവൈസായി തുറക്കപ്പെടുന്നത്?
**ഉത്തരം:-** ആരാണോ ശ്രീമത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നത്, പതിത-പാവനനായ ബാബയുടെ ഓർമ്മയിലിരിക്കുന്നത്, പഠിപ്പ് പഠിപ്പിക്കുന്ന ആളോടൊപ്പം ആർക്കാണോ യോഗമുള്ളത് അവരുടെ ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടുന്നു. ബാബ പറയുന്നു - കുട്ടികളെ അഭ്യസിക്കൂ നമ്മൾ ആത്മാക്കൾ സഹോദര-സഹോദന്മാരാണ്, നമ്മൾ അച്ഛനിൽ നിന്ന് കേൾക്കുകയാണ്. ദേഹീ-അഭിമാനിയായി കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യൂ എങ്കിൽ പൂട്ട് തുറക്കപ്പെടും.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു എപ്പോൾ ഇവിടെ ഇരിക്കുന്നുവോ അപ്പോൾ ബാബയുടെ മാത്രം ഓർമ്മയിരിക്കണം എന്നല്ല. അതിലൂടെ കേവലം ശാന്തി മാത്രമാണുണ്ടാകുക, എന്നാൽ സുഖവും വേണമല്ലോ. നിങ്ങൾക്ക് ശാന്തിയിൽ ഇരിക്കണം ഒപ്പം സ്വദർശന ചക്രധാരിയായി രാജധാനിയെയും ഓർമ്മിക്കണം. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് തന്നെ നരനിൽ നിന്നും നാരായണൻ അഥവാ മനുഷ്യനിൽ നിന്നും ദേവതയാകുന്നതിന് വേണ്ടിയാണ്. ഇവിടെ ആരിൽ എത്ര തന്നെ ദൈവീക ഗുണമുണ്ടായാലും അവരെ ദേവതയെന്ന് പറയില്ല. ദേവതകളുള്ളത് സ്വർഗ്ഗത്തിൽ മാത്രമാണ്. ലോകത്തിലെ മനുഷ്യർക്ക് സ്വർഗ്ഗത്തെ അറിയില്ല. നിങ്ങൾ കുട്ടികൾക്കറിയാം പുതിയ ലോകത്തെയാണ് സ്വർഗ്ഗം, പഴയ ലോകത്തെയാണ് നരകമെന്ന് പറയുന്നത്. ഇത് ഭാരതവാസികൾ മാത്രമാണറിയുന്നത്. ഏത് ദേവതകളാണോ സത്യയുഗത്തിൽ രാജ്യം ഭരിച്ചിരുന്നത് അവരുടെ ചിത്രവും ഭാരതത്തിൽ തന്നെയാണുള്ളത്. ഇത് ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റേതാണ്. പിന്നീട് പൂജിക്കാൻ വേണ്ടി അവരുടെ ചിത്രം വിദേശങ്ങളിലേക്ക് കൊണ്ടുപോകുന്നു. പുറമെ എവിടെ പോയാലും അവിടെ ക്ഷേത്രങ്ങളുണ്ടാക്കുന്നു. ഓരോ ധർമ്മത്തിൽ പെട്ടവരും എവിടെ പോകുകയാണെങ്കിലും അവരുടെ ധർമ്മത്തിലെ ചിത്രങ്ങളെ തന്നെയാണ് പൂജിക്കുന്നത്. ഏതേത് ഗ്രാമങ്ങളിൽ വിജയം നേടുന്നോ അവിടെ പള്ളി മുതലായവ ഉണ്ടാക്കുന്നു. ഓരോ ധർമ്മത്തിനും പൂജിക്കാൻ അവരവരുടേതായ ചിത്രങ്ങളുണ്ട്. മുൻപ് നിങ്ങൾക്കും അറിയില്ലായിരുന്നു അതായത് നമ്മൾ തന്നെയായിരുന്നു ദേവീ-ദേവതകൾ എന്നത്. സ്വയം വേറെയെന്ന് കരുതിയാണ് അവരുടെ പൂജ ചെയ്തിരുന്നത്. മറ്റ് ധർമ്മത്തിലുള്ളവർ പൂജ ചെയ്യുകയാണെങ്കിൽ അറിയാം അതായത് നമ്മുടെ ധർമ്മ സ്ഥാപകൻ ക്രിസ്തുവാണ്, നമ്മൾ ക്രിസ്ത്യാനികളാണ് അല്ലെങ്കിൽ ബൗദ്ധികളാണ്. ഈ ഹിന്ദുക്കൾക്ക് തന്റെ ധർമ്മത്തെ അറിയാത്തതു കാരണം സ്വയത്തെ ഹിന്ദുവെന്ന് പറയുന്നു എന്നിട്ട് പൂജിക്കുന്നതോ ദേവതകളെ. നമ്മൾ ആദി സനാതന ദേവി-ദേവതാ ധർമ്മത്തിന്റേതാണ് ഇത് മനസ്സിലാക്കുന്നില്ല. നമ്മൾ നമ്മുടെ പൂർവ്വികരെയാണ് പൂജിക്കുന്നത്. ക്രിസ്ത്യാനികൾ ഒരു ക്രിസ്തുവിനെ പൂജിക്കുന്നു. ഭാതവാസികൾക്ക് ഇതറിയില്ല നമ്മുടെ ധർമ്മം ഏതാണ്? അത് ആര്, എപ്പോൾ സ്ഥാപിച്ചതാണ്? ബാബ പറയുന്നു ഈ ഭാരതത്തിന്റെ ആദി സനാതന ദേവീ-ദേവതാ ധർമ്മം എപ്പോഴാണോ പ്രായലോപമാകുന്നത് അപ്പോഴാണ് വീണ്ടും സ്ഥാപിക്കാൻ ഞാൻ വരുന്നത്. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. മുൻപ് ഒന്നും തന്നെ അറിയില്ലായിരുന്നു. ഒന്നും തന്നെ മനസ്സിലാക്കാതെ ഭക്തി മാർഗ്ഗത്തിൽ ചിത്രങ്ങളുടെ പൂജ ചെയ്തുകൊണ്ടേയിരിക്കുകയായിരുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ഭക്തി മാർഗ്ഗത്തിലല്ല. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ കുല ഭൂഷണരും ശൂദ്ര കുലത്തിലുള്ളവരും തമ്മിൽ രാത്രിയും പകലിന്റെയും വ്യത്യാസമുണ്ട്. അതും ഈ സമയം നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. സത്യയുഗത്തിൽ മനസ്സിലാക്കാനാവില്ല. ഈ സമയം മാത്രമാണ് നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നത്. ബാബ ആത്മാക്കൾക്ക് ജ്ഞാനം നൽകുകയാണ്. പഴയ ലോകത്തെയും പുതിയ ലോകത്തെയും നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമാണ് അറിയുന്നത്. പഴയ ലോകത്തിൽ ധാരാളം മനുഷ്യരുണ്ട്. ഇവിടെയാണെങ്കിൽ മനുഷ്യർ എത്രയാണ് വഴക്കടിക്കുന്നത്. ഇത് തന്നെയാണ് മുൾക്കാട്. നിങ്ങൾക്കറിയാം നമ്മളും മുള്ളായിരുന്നു. ഇപ്പോൾ ബാബ നമ്മളെ പൂവാക്കിക്കൊണ്ടിരിക്കുകയാണ്. മുള്ളുകൾ ഈ സുഗന്ധമുള്ള പുഷ്പങ്ങളെ നമസ്ക്കരിക്കുന്നു. ഈ രഹസ്യം ഇപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുന്നു. നമ്മൾ തന്നെയായിരുന്നു ദേവതകളായിരുന്നത് ആ നമ്മൾ വീണ്ടും വന്ന് ഇപ്പോൾ സുഗന്ധമുള്ള പുഷ്പം (ബ്രാഹ്മണൻ) ആയിരിക്കുന്നു. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഇത് ഡ്രാമയാണ്. മുൻപ് ഈ നാടകമോ, സിനിമയോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതും ഇപ്പോൾ ഉണ്ടായതാണ്. എന്തിനാണ് ഉണ്ടായത്? എന്തുകൊണ്ടെന്നാൽ ബാബയ്ക്ക് ഉദാഹരണം പറഞ്ഞുതരുന്നതിൽ എളുപ്പമാകും. കുട്ടികൾക്കും കാര്യം മനസ്സിലാക്കാൻ സാധി

ക്കും. ഈ സയൻസും നിങ്ങൾ കുട്ടികൾക്ക് പഠിക്കേണ്ടേ. ബുദ്ധിയിൽ ഈ സയൻസിന്റെ എല്ലാ സംസ്ക്കാരവും കൊണ്ട് പോകും അത് പിന്നീട് അവിടെ പ്രയോജനത്തിൽ വരും. ലോകം ഒരിക്കലും ഒറ്റയടിക്ക് അവസാനിക്കുന്നില്ല. സംസ്ക്കാരം കൊണ്ട് പോയി വീണ്ടും ജന്മമെടുക്കുന്നു. വിമാനങ്ങളും മറ്റും ഉണ്ടാക്കുന്നു. അവിടെ പ്രയോജനത്തിൽ വരുന്ന ഏതേതെല്ലാം യോഗ്യമായ സാധനങ്ങളുണ്ടോ അതുണ്ടാക്കുന്നു. കപ്പലുണ്ടാക്കുന്നവരും ഉണ്ട് എന്നാൽ കപ്പൽ അവിടെ ഉപയോഗത്തിൽ വരില്ല. ഇനി അങ്ങനെയുള്ള ആരെങ്കിലും ജ്ഞാനം എടുത്താലും എടുക്കാതിരുന്നാലും ശരി, അവരുടെ സംസ്ക്കാരം ഉപയോഗത്തിൽ വരില്ല. അവിടെ കപ്പൽ മുതലായവയുടെ ആവശ്യം തന്നെയില്ല. ഡ്രാമയിലില്ല. ങ്ഹാ, വിമാനങ്ങൾ, വൈദ്യുതി മുതലായവയുടെ ആവശ്യം വരും. ആ കണ്ടുപിടുത്തങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അവിടെ നിന്ന് കുട്ടികൾ പഠിച്ച് വരുന്നു. ഈ എല്ലാ കാര്യങ്ങളും നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മാത്രമാണുള്ളത്.

നിങ്ങൾക്കറിയാം നമ്മൾ പഠിക്കുന്നത് തന്നെ പുതിയ ലോകത്തേക്ക് വേണ്ടിയാണ്. ബാബ നമ്മളെ ഭാവിയിലെ 21 ജന്മത്തേക്ക് വേണ്ടി പഠിപ്പിക്കുന്നു. നമ്മൾ സ്വർഗ്ഗവാസിയാകുന്നതിന് വേണ്ടി പവിത്രമായിക്കൊണ്ടിരിക്കുന്നു. മുൻപ് നരകവാസിയായിരുന്നു. മനുഷ്യർ പറയാറുമുണ്ട് ഇന്ന ആൾ സ്വർഗ്ഗവാസിയായി. എന്നാൽ നമ്മൾ നരകത്തിലാണ് ഇത് മനസ്സിലാക്കുന്നില്ല. ബുദ്ധിയുടെ പൂട്ട് തുറക്കുന്നില്ല. നിങ്ങൾ കുട്ടികളുടെ പൂട്ട് ഇപ്പോൾ പതുക്കെ-പതുക്കെ തുറക്കുന്നു, നമ്പർവൈസായി. പൂട്ട് അവരുടേതാണ് തുറക്കുക, ആരാണോ ശ്രീമത്തിലൂടെ നടക്കാൻ തുടങ്ങുന്നത് ഒപ്പം പതിത പാവനനായ ബാബയെ ഓർമ്മിക്കുന്നത്. ബാബ ജ്ഞാനവും നൽകുന്നു കൂടാതെ ഓർമ്മയും പഠിപ്പിക്കുന്നു. ടീച്ചറല്ലേ. അപ്പോൾ ടീച്ചർ തീർച്ചയായും പഠിപ്പിക്കും. എത്രത്തോളം ടീച്ചറോടും പഠിത്തത്തോടും യോഗമുണ്ടായിരിക്കുമോ അത്രയും ഉയർന്ന പദവി നേടും. ലൗകീക പഠിത്തത്തിൽ യോഗം ഇരിക്കുന്നുണ്ട്. അറിയാം വക്കീലാണ് പഠിപ്പിക്കുന്നത്. ഇവിടെ പഠിപ്പിക്കുന്നത് അച്ഛനാണ്. ഇതുപോലും മറന്ന് പോകുന്നു എന്തുകൊണ്ടെന്നാൽ പുതിയ കാര്യമല്ലേ. ദേഹത്തെ ഓർമ്മിക്കുക എന്നത് വളരെ എളുപ്പമാണ്. അടിക്കടി ദേഹം ഓർമ്മ വരുന്നു. നമ്മൾ ആത്മാക്കളാണ് ഇത് മറന്ന് പോകുന്നു. നമ്മൾ ആത്മാക്കൾക്ക് അച്ഛൻ മനസ്സിലാക്കി തരികയാണ്. നമ്മൾ ആത്മാക്കൾ സഹോദരൻമാരാണ്. ബാബയ്ക്കറിയാം ഞാൻ പരമാത്മാവാണ്, ആത്മാക്കളെ പഠിപ്പിക്കുകയാണ്, അതായത് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി മറ്റ് ആത്മാക്കളെയും ഇരുന്ന് പഠിപ്പിക്കൂ. ഇത് ആത്മാവാണ് കാതുകളിലൂടെ കേൾക്കുന്നത്, കേൾപ്പിക്കുന്നത് പരംപിതാ പരമാത്മാവാണ്. ബാബയെ സുപ്രീം ആത്മാവെന്ന് പറയും. നിങ്ങൾ എപ്പോഴെങ്കിലും ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുമ്പോൾ ഇത് ബുദ്ധിയിൽ വരണം അതായത് നമ്മുടെ ആത്മാവിൽ ജ്ഞാനമുണ്ട്, ആത്മാവിനെ ഇത് കേൾപ്പിക്കുകയാണ്. നമ്മൾ ബാബയിൽ നിന്ന് എന്താണോ കേട്ടത് അത് ആത്മാക്കളെ കേൾപ്പിക്കുകയാണ്. ഇത് തീർത്തും പുതിയ കാര്യമാണ്. നിങ്ങൾ എപ്പോൾ മറ്റുള്ളവരെ പഠിപ്പിക്കുന്നോ അപ്പോൾ ദേഹീ-അഭിമാനിയായല്ല പഠിപ്പിക്കുന്നത്, മറന്നുപോകുന്നു. ലക്ഷ്യമില്ലേ. ബുദ്ധിയിൽ ഇത് ഓർമ്മയുണ്ടായിരിക്കണം - ഞാൻ ആത്മാവ് അവിനാശിയാണ്. ഞാൻ ആത്മാവ് ഈ കർമ്മേന്ദ്രിയങ്ങളിലൂടെ പാർട്ടഭിനയിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ആത്മാവ് ശൂദ്ര കുലത്തിലത്തിലായിരുന്നു, ഇപ്പോൾ ബ്രാഹ്മണ കുത്തിലാണ്. പിന്നീട് ദേവതാ കുലത്തിലേക്ക് പോകും. അവിടെ ശരീരവും പവിത്രമായത് ലഭിക്കും. നമ്മൾ ആത്മാക്കൾ സഹോദരൻമാരാണ്. അച്ഛൻ മക്കളെ പഠിപ്പിക്കുകയാണ്. കുട്ടികൾ പിന്നീട് പറയും ഞങ്ങൾ സഹോദര-സഹോദരങ്ങളാണ്, സഹോദരനെ പഠിപ്പിക്കുകയാണ്. ആത്മാവിന് തന്നെയാണ് മനസ്സിലാക്കി കൊടുക്കുന്നത്. ആത്മാവ് ശരീരത്തിലൂടെ കേൾക്കുന്നു. ഇത് വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്. സ്മൃതിയിൽ വരുന്നില്ല. അരകൽപം നിങ്ങൾ ദേഹ-അഭിമാനത്തിൽ കഴിഞ്ഞു. ഈ സമയം നിങ്ങൾക്ക് ദേഹീ-അഭിമാനിയായി കഴിയണം. സ്വയത്തെ ആത്മാവെന്ന് നിശ്ചയിക്കണം, ആത്മാവാണെന്ന് ഉറപ്പിച്ചിരിക്കൂ. ആത്മാവാണെന്ന് ഉറപ്പിച്ച് കേൾക്കൂ. പരംപിതാ പരമാത്മാവ് തന്നെയാണ് കേൾപ്പിക്കുന്നത് അതുകൊണ്ടല്ലേ പറയുന്നത് - ആത്മാവും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു. . . . അവിടെയല്ല പഠിപ്പിക്കുന്നത്. ഇവിടെത്തന്നെ വന്നാണ് പഠിപ്പിക്കുന്നത്. മറ്റെല്ലാ ആത്മാക്കൾക്കും അവരവരുടെ ശരീരമുണ്ട്. ഈ ബാബയാണെങ്കിൽ സുപ്രീം ആത്മാവാണ്. അങ്ങനെയുള്ള ബാബയ്ക്ക് ശരീരമില്ല. ബാബയുടെ ആത്മാവിന്റെ തന്നെ പേരാണ് ശിവൻ എന്നത് . അറിയാം ഈ ശരീരം എന്റേതല്ല. ഞാൻ സുപ്രീം ആത്മാവാണ്. എന്റെ മഹിമ വ്യത്യസ്തമാണ്. ഓരോരുത്തരുടെയും മഹിമ അവരവരുടേതല്ലേ. മഹിമയുമില്ലേ - പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സ്ഥാപന നടത്തുന്നുന്നു. ബാബ ജ്ഞാനത്തിന്റെ സാഗരം, മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. സത്യമാണ്, ചൈതന്യമാണ്, ആനന്ദ, സുഖ-ശാന്തിയുടെ സാഗരമാണ്. ഇതാണ് ബാബയുടെ മഹിമ. കുട്ടിക്ക് അച്ഛന്റെ സമ്പത്തിനെക്കുറിച്ച് അറിവുണ്ടായിരിക്കും-എന്റെ അച്ഛന്റെ അടുത്ത് ഈ ഫാക്ടറിയുണ്ട്, ഈ മില്ലുണ്ട്, ലഹരി ഉണ്ടായിരിക്കില്ലേ. കുട്ടി തന്നെയാണ് ആ സമ്പത്തിന്റെ അധികാരിയാകുന്നത്. ഈ സമ്പത്താണെങ്കിൽ ഒരേ ഒരു പ്രാവശ്യമാണ് ലഭിക്കുന്നത്. ബാബയുടെ അടുത്ത് എന്ത് സമ്പത്താണു

ള്ളത്, അത് കേട്ടതാണ്.

നിങ്ങൾ ആത്മാക്കൾ അമരന്മാരാണ്. ഒരിക്കലും മൃത്യു പ്രാപിക്കുന്നില്ല. പ്രേമത്തിന്റെ സാഗരവുമാകുന്നു. ഈ ലക്ഷ്മീ-നാരായണൻ പ്രേമത്തിന്റെ സാഗരമാണ്. ഒരിക്കലും വഴക്കടിക്കില്ല. ഇവിടെയാണെങ്കിൽ എത്രയാണ് അടികൂടുന്നത്. പ്രേമത്തിൽ തന്നെ ഏറെ ചതിയാണുള്ളത്. ബാബ വന്ന് വികാരം ബന്ദ് ചെയ്യിപ്പിക്കുമ്പോൾ എത്രയാണ് അടി വീഴുന്നത്. ബാബ പറയുന്നു കുട്ടികളെ പാവനമാകുകയാണെങ്കിൽ പാവന ലോകത്തിന്റെ അധികാരിയാകും. കാമം മഹാശത്രുവാണ് അതുകൊണ്ടാണ് ബാബയുടെ അടുത്ത് വരുമ്പോൾ പറയുന്നത് എന്തെല്ലാം വികർമ്മങ്ങളാണോ ചെയ്തിട്ടുള്ളത്, അത് പറയുകയാണെങ്കിൽ ഭാരരഹിതരാകും, ഇതിൽ തന്നെ മുഖ്യമായിട്ടുള്ളത് വികാരത്തിന്റെ കാര്യമാണ്. ബാബ കുട്ടികളുടെ മംഗളാർത്ഥം ചോദിക്കുകയാണ്. ബാബയെ തന്നെയാണ് വിളിക്കുന്നത് അല്ലയോ പതിത-പാവനാ വരൂ ഇതിൽ പതിതമെന്ന് വികാരത്തിൽ പോകുന്നവരെ തന്നെയാണ് പറയുന്നത്. ഈ ലോകവും പതിതമാണ്, മനുഷ്യരും പതിതരാണ്, 5 തത്വവും പതിതമാണ്. അവിടെ നിങ്ങൾക്കായി തത്വവും പവിത്രമായത് വേണം. ഈ ആസുരീയ ലോകത്തിൽ ദേവതകളുടെ നിഴൽപോലും പതിക്കാനാവില്ല. ലക്ഷ്മിയെ ആഹ്വാനം ചെയ്യുന്നുണ്ട് എന്നാൽ ഇവിടെ വരാൻ ഒരിക്കലും സാധിക്കില്ല. ഈ 5 തത്വവും മാറണം. സത്യയുഗമാണ് പുതിയ ലോകം, ഇതാണ് പഴയ ലോകം. ഇതിന്റെ അവസാനത്തിനുള്ള സമയമാണ്. മനുഷ്യർ മനസ്സിലാക്കുന്നത് ഇപ്പോൾ നാൽപ്പതിനായിരം വർഷം ഉണ്ടെന്നാണ്. മുഴുവൻ കൽപത്തിന്റെ തന്നെ ആയുസ്സ് 5000 വർഷത്തിന്റേതാണെങ്കിൽ പിന്നെങ്ങനെ കേവലം ഒരു കലിയുഗത്തിന്റെ ആയുസ്സ് നാൽപ്പതിനായിരം വർഷമാകും. എത്ര അജ്ഞാനത്തിന്റെ അന്ധകാരമാണ്. ജ്ഞാനമില്ല. ഭക്തിയാണ് ബ്രാഹ്മണരുടെ രാത്രി. ജ്ഞാനമാണ് ബ്രഹ്മാവിന്റെയും ബ്രാഹ്മണരുടെയും പകൽ. അതിപ്പോൾ യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഏണിപ്പടിയിൽ വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട്. പുതിയ ലോകവും പഴയ ലോകവും പകുതി-പകുതിയെന്ന് പറയും. പുതിയ ലോകത്തിന് കൂടുതൽ സമയവും, പഴയ ലോകത്തിന് കുറച്ചു സമയവും കൊടുക്കും അങ്ങനെയല്ല. പൂർണ്ണമായും പകുതി-പകുതി ആയിരിക്കും. അതുകൊണ്ട് കാൽഭാഗവുമാക്കാൻ സാധിക്കും. പകുതിയല്ലെങ്കിൽ കൃത്യമായി കാൽ ഭാഗമാക്കാനും സാധിക്കില്ല. സ്വസ്തികയിലും 4 ഭാഗങ്ങളാണ് നൽകുന്നത്. മനസ്സിലാക്കുന്നത് നമ്മൾ ഗണേശനെ ആഘോഷത്തോടെ കൊണ്ടുപോകുന്നുവെന്നാണ്. ഇപ്പോൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഈ പഴയ ലോകം വിനാശമാകണം. നമ്മൾ പുതിയ ലോകത്തേക്ക് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ പുതിയ ലോകത്തേക്കായി നരനിൽ നിന്ന് നാരായണനാകുന്നു. കൃഷ്ണനും പുതിയ ലോകത്തിന്റേതാണ്. കൃഷ്ണന്റെ മഹിമയുമുണ്ട്, കൃഷ്ണനെ മഹാത്മാവെന്നാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ ചെറിയ കുട്ടിയാണ്. ചെറിയ കുട്ടികൾ പ്രിയപ്പെട്ടവരായിരിക്കും. വലിയവരെ ഇത്ര സ്നേഹിക്കില്ല എത്രത്തോളം ചെറിയവരെ സ്നേഹിക്കുമോ എന്തുകൊണ്ടെന്നാൽ സതോപ്രധാന അവസ്ഥയാണ്. വികാരത്തിന്റെ ദുർഗന്ധമില്ല. വലുതാകുന്നതിലൂടെ വികാരങ്ങളുടെ ദുർഗന്ധം ഉണ്ടാകുന്നു. കുട്ടികളുടേത് ഒരിക്കലും ക്രിമിനൽ ദൃഷ്ടിയാകില്ല. ഈ കണ്ണുകൾ തന്നെയാണ് ചതിക്കുന്നത് അതുകൊണ്ടാണ് ദൃഷ്ടാന്തം കാണിച്ചത് അവർ തന്റെ കണ്ണുകൾ ചൂഴ്ന്ന് കളഞ്ഞു. ഇങ്ങനെയൊരു കാര്യമൊന്നുമില്ല. ഇങ്ങനെ ആരും കണ്ണുകളെടുത്ത് കളയുകയൊന്നുമില്ല. ഇത് ഈ സമയം ബാബ ജ്ഞാനത്തിന്റെ കാര്യങ്ങൾ മനസ്സിലാക്കി തരുന്നതാണ്. നിങ്ങൾക്കാണെങ്കിൽ ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. ആത്മാവിൽ തന്നെയാണ് ജ്ഞാനമുള്ളത്. ബാബ പറയുന്നു എനിക്ക് ജ്ഞാനമുണ്ട്. ആത്മാവിനെ നിർലേപമെന്ന് പറയാൻ സാധിക്കില്ല. ആത്മാവ് തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നത്. ആത്മാവ് അവിനാശിയാണ്. സാധനമെത്ര ചെറുതാണ്. അതിൽ 84 ജന്മങ്ങളുടെ പാർട്ടുണ്ട്. ഇങ്ങനെയുള്ള കാര്യം ആർക്കും പറയാൻ സാധിക്കില്ല. അവരാണെങ്കിൽ നിർലേപമെന്നാണ് പറയുന്നത് അതുകൊണ്ടാണ് ബാബ പറയുന്നത് ആദ്യം ആത്മാവിനെ തിരിച്ചറിയൂ. ചിലർ ചോദിക്കുന്നു മൃഗങ്ങൾ എവിടെ പോകും? നോക്കൂ, മൃഗങ്ങളുടെ കാര്യമേ വിടൂ. ആദ്യം ആത്മാവിനെ തിരിച്ചറിയൂ. ഞാൻ ആത്മാവ് എങ്ങനെയാണ്, എന്താണ്. . . . .? ബാബ പറയുന്നു സ്വയം ആത്മാവെന്നതേ അറിയുന്നില്ലെങ്കിൽ, പിന്നെ എന്നെ എന്തറിയാനാണ്. ഈ എല്ലാ സൂക്ഷ്മ കാര്യങ്ങളും നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ടുണ്ട്. അത് കളിച്ചുകൊണ്ടേയിരിക്കുന്നു. ചിലർ പിന്നീട് പറയാറുണ്ട് ഡ്രാമയിൽ എല്ലാമുണ്ട് പിന്നീട് നമ്മൾ പുരുഷാർത്ഥം എന്തിന് ചെയ്യണം, സഹോദരാ, പുരുഷാർത്ഥം കൂടാതെ വെള്ളം പോലും കിട്ടില്ല. ഡ്രാമയനുസരിച്ച് സ്വയം തന്നെ എല്ലാം ലഭിക്കും, അങ്ങനെയല്ല. കർമ്മം തീർച്ചയായും ചെയ്യുക തന്നെ വേണം. നല്ലതോ മോശമോ ആയ കർമ്മമുണ്ട്. ഇത് ബുദ്ധിയിലൂടെ മനസ്സിലാക്കാൻ സാധിക്കും. ബാബ പറയുന്നു ഇത് രാവണ രാജ്യമാണ്, ഇതിൽ നിങ്ങളുടെ കർമ്മം വികർമ്മമാകുന്നു. അവിടെ വികർമ്മം സംഭവിക്കാൻ രാവണ രാജ്യം തന്നെയില്ല. ഞാൻ തന്നെയാണ് നിങ്ങൾക്ക് കർമ്മം, അകർമ്മം, വികർമ്മത്തിന്റെ ഗതി മനസ്സിലാക്കി തരുന്നത്. അവിടെ നിങ്ങളുടെ കർമ്മം അകർമ്മമാകുന്നു, രാവണരാജ്യത്തിൽ കർമ്മം വികർമ്മമാകുന്നു. ഗീതാ ആചാര്യൻ പോലും ഒരിക്കലും ഈ അർത്ഥം മനസ്സിലാക്കി തരില്ല, അവർ കേവലം വായിച്ച് കേൾപ്പിക്കു

കയാണ് ചെയ്യുന്നത്, സംസ്കൃതത്തിൽ ശ്ലോകം കേൾപ്പിച്ച് പിന്നീട് ഹിന്ദിയിൽ അർത്ഥം പറയുന്നു. ബാബ പറയുന്നു ചില-ചില അക്ഷരങ്ങൾ ശരിയാണ്. ഭഗവാനുവാചാ എന്നുണ്ട് എന്നാൽ ഭഗവാനെന്ന് ആരെയാണ് പറയുന്നത്, ഇതാർക്കും അറിയില്ല. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പരിധിയില്ലാത്ത ബാബയുടെ സമ്പത്തിന് ഞാൻ ആത്മാവ് അധികാരിയാണ്, ഏതുപോലെയാണോ ബാബ ശാന്തി, പവിത്രത, ആനന്ദത്തിന്റെ സാഗരമായിട്ടുള്ളത്, അതുപോലെ ആത്മാവായ ഞാനും മാസ്റ്റർ സാഗരമാണ്, ഈ ലഹരിയിൽ കഴിയണം.

2) ഡ്രാമയെന്ന് പറഞ്ഞ് പുരുഷാർത്ഥം ഉപേക്ഷിക്കരുത്, കർമ്മം തീർച്ചയായും ചെയ്യണം. കർമ്മം-അകർമ്മം-വികർമ്മത്തിന്റെ ഗതിയെ മനസ്സിലാക്കി സദാ ശ്രേഷ്ഠ കർമ്മം തന്നെ ചെയ്യണം.

## വരദാനം : സമയത്തിന്റെ മഹത്വത്തെ അറിഞ്ഞ് സ്വയത്തെ സമ്പന്നമാക്കുന്ന വിശ്വത്തിന്റെ ആധാരമൂർത്തിയായി ഭവിക്കട്ടെ.

മുഴുവൻ കൽപത്തിന്റെയും സമ്പാദ്യത്തിനുള്ള, ശ്രേഷ്ഠകർമമാകുന്ന വിത്തു വിതയ്ക്കുന്നതിനുള്ള, 5000 വർഷത്തെ സംസ്കാരങ്ങളുടെ റെക്കോർഡ് നിറയ്ക്കുവാനുള്ള, വിശ്വമംഗളം അഥവാ വിശ്വപരിവർത്തനത്തിനുള്ള സമയമാണ് ഈ നടന്നുകൊണ്ടിരിക്കുന്നത്. സമയത്തിന്റെ ജ്ഞാനമുള്ളവരും വർത്തമാനസമയത്തെ കളയുന്നു അല്ലെങ്കിൽ വരാൻ പോകുന്ന സമയത്തേക്ക് വിടുന്നു എങ്കിൽ സമയത്തിന്റെ ആധാരത്തിലായി സ്വയത്തിന്റെ പുരുഷാർഥം. എന്നാൽ വിശ്വത്തിന്റെ ആധാരമൂർത്തി ആത്മാക്കൾ ഏതൊരു തരത്തിലുമുള്ള ആധാരത്തിലല്ല നടക്കുന്നത്. അവർ ഒരു അവിനാശി ആശ്രയത്തിന്റെ ആധാരത്തിൽ കലിയുഗീപതീതലോകത്ത് നിന്ന് തീരം വിട്ട് സ്വയത്തെ സമ്പന്നമാക്കാനുള്ള പുരുഷാർഥം ചെയ്യുന്നു.

## സ്ലോഗൻ : സ്വയത്തെ സമ്പന്നമാക്കിക്കോളൂ എങ്കിൽ വിശാലകാര്യത്തിൽ സ്വതവേ സഹയോഗിയായി മാറും

**അവ്യക്തസൂചനകൾ - സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
വർത്തമാനസമയത്തെ പുരുഷാർത്ഥിൽ ഓരോ സങ്കൽപത്തെയും ശക്തിശാലിയാക്കണം. സങ്കൽപമാണ് ജീവിതത്തിന്റെ ശ്രേഷ്ഠ ഖജനാവ്. ഖജനാക്കളിലൂടെ എന്തു വേണമോ എത്ര വേണമോ, അത്രയും പ്രാപ്തമാക്കാം എന്ന പോലെ തന്നെ ശ്രേഷ്ഠ സങ്കൽപത്തിലൂടെ സദാ കാലത്തെ ശ്രേഷ്ഠ പ്രാലബ്ധം നേടാനാകും. ഇതിനു വേണ്ടി ഒരു ചെറിയ സ്ലോഗൻ സ്മൃതിയിൽ വെക്കൂ- ചിന്തിച്ച് മനസിലാക്കി ചെയ്യണം, സംസാരിക്കണം, അപ്പോൾ സദാകാലത്തേക്ക് ശ്രേഷ്ഠജീവിതമുണ്ടാക്കാൻ കഴിയും.